പൊതു വിദ്യാഭ്യാസ
ഡയറക്ടറുടെകാര്യാലയം,
ഹയർസെക്കൻററിവിഭാഗം,
ഹൗസിങ്ബോർഡ്ബിൽഡിംഗ്,
തിരുവനന്തപുരം -1

നംബർ. ICT Cell/1771/1/DGE-HSS/2020 30/09/2020

# സർക്കുലർ

**വിഷയം : ക്രിട്ടിക്കൽ കണ്ടെയ്മെൻറ് സോൺ , കോവിഡ് നിരീക്ഷണം എന്നിവയിൽപ്പെട്ടവരുടെ ഓൺലൈൻ പ്രവേശനം, സ്ഥിര പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് വിടുതൽ സർട്ടിഫിക്കറ്റ് നൽകൽ : നിർദ്ദേശങ്ങൾ**

സൂചന : 1) ഇതേ നമ്പറിലെ 14/09/2020 ലെ സർക്കുലർ
2) ഇതേ നമ്പറിലെ 26/09/2020 ലെ സർക്കുലർ
3) ഇതേ നമ്പറിലെ 28/09/2020 ലെ സർക്കുലർ

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്രിട്ടിക്കൽ കണ്ടെയ്മെൻറ് സോണിലുള്ളവർ ,കോവിഡ് നിരീക്ഷണത്തിൽ കഴിയുന്നവർ എന്നിവർക്ക് പ്ലസ്വൺ പ്രവേശനം നേടുന്നതിന് ഓരോ അലോട്ട്മെൻറിൻേറയും പ്രവേശനത്തിൻെറ അവസാന തീയതിക്കു മുൻപായി നേരിട്ട് സ്കൂളുകളിൽ ഹാജരാകാൻ സാധിക്കുകയില്ലെങ്കിൽ ഓൺലൈനായി പ്രവേശനം നേടുന്നതിനുള്ള സൗകര്യം ലഭ്യമാകുമെന്ന് സൂചന 1,2 സർക്കുലറിലൂടെ അറിയിച്ചിരുന്നു. **സ്പോർട്സ് ക്വാട്ടയിൽ ഇത്തരത്തിൽ ഓൺലൈനായി പ്രവേശനം നേടുന്നതിനുള്ള സൗകര്യം 2020 സെപ്റ്റംബർ 30 മുതൽ 2020 ഒക്ടോബർ 1 ന് വൈകിട്ട് 4 മണിവരെ ലഭ്യമാകുന്നതാണ്. മെരിറ്റ് ക്വാട്ടയിൽ അലോട്ട്മെൻറ് ലഭിച്ചവർക്ക് ഓൺലൈൻ പ്രവേശനം നേടുന്നതിനുള്ള സൗകര്യം 2020 ഒക്ടോബർ 5 മുതൽ ഒക്ടോബർ 6 ന് വൈകിട്ട് 4 മണി വരെയും ലഭ്യമാകുന്നതാണ്.**

സ്കൂളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടാൻ സാധിക്കാത്തവർക്ക് കാൻഡിഡേറ്റ് ലോഗിനിലെ Online Joining എന്ന ലിങ്കിലൂടെ പ്രവേശനത്തിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളുടെ സ്കാൻഡ് കോപ്പികൾ**(ഓരോ സർട്ടിഫിക്കറ്റും 100 KB –ൽ താഴെ ഫയൽ വലിപ്പമുള്ള PDF ഫോർമാറ്റിലുള്ള സ്കാൻഡ് ഫയൽ ആയി)** അപ്‌ലോഡ് ചെയ്ത് സ്കൂൾ പ്രിൻസിപ്പാളിന് ഫോർവേഡ് ചെയ്യേണ്ടതാണ്. ഇത്തരത്തിൽ ഓൺലൈനായി ജോയിൻ ചെയ്യാൻ സർട്ടിഫിക്കറ്റ് വിവരങ്ങൾ അപ്‌ലോഡ് ചെയ്തു കഴിഞ്ഞാൽ പ്രസ്തുത വിദ്യാർത്ഥിയ്ക്ക് അലോട്ട്മെൻറ് ലഭിച്ച സ്കൂൾ പ്രിൻസിപ്പാളപ്പാളിന് അഡ്മിൻ ലോഗിനിൽ **Verify Online Admission** എന്ന ലിങ്കിൽ ആയത് ലഭ്യമാകുകയും, പ്രിൻസിപ്പാൾ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി വെരിഫൈ ചെയ്ത് സാധുത ഉറപ്പാക്കി പ്രവേശനത്തിന് അനുമതി/നിരാകരിക്കൽ അതത് ദിവസം അല്ലെങ്കിൽ പ്രവേശനത്തിൻെറ അവസാന തീയതി വൈകിട്ട് 4 മണിയ്ക്ക് മുൻപായി നൽകുന്നതുമാണ്. പ്രിൻസിപ്പാളിൻെറ പ്രവേശനാനുമതി ലഭിച്ചാൽ പൊതുജെനാറിൽ അടയ്ക്കേണ്ട തുക ഓൺലൈനായി കാൻഡിഡേറ്റ് ലോഗിനിലെ Fee Payment എന്ന ലിങ്കിലൂടെ അടച്ച് പ്രവേശന നടപടികൾ പൂർത്തീകരിക്കാവുന്നതാണ്. വിദ്യാർത്ഥി ഓൺലൈനായി ഫീസടച്ചാൽ HITC യൂസറിൽ പ്രസ്തുത വിദ്യാർത്ഥിയുടെ അഡ്മിഷൻ നമ്പർ, ഉപഭാഷാ വിവരം എന്നിവ രേഖപ്പെടുത്തുവാനുള്ള സൗകര്യം ലഭിക്കുന്നതാണ്.

ഇത്തരത്തിൽ ഓൺലൈൻ പ്രവേശനം നേടുന്നവർ സ്കൂളിൽ നേരിട്ട് ഹാജരാകാൻ സാധിക്കുന്ന ഏറ്റവും അടുത്ത ദിവസം സർട്ടിഫിക്കറ്റും മറ്റ് രേഖകളും PD അക്കൗണ്ടിൽ അടയ്ക്കേണ്ട ഫീസും സ്കൂൾ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത അവസരത്തിൽ സത്യവിരുദ്ധമായ എന്തെങ്കിലും കണ്ടെത്തുകയാണെങ്കിൽ വിദ്യാർത്ഥിയുടെ പ്രവേശനം റദ്ദാക്കുന്നതാണ്.

സ്കൂളിൽ നാളിതുവരെ വിവിധക്വാട്ടകളിൽ (മെരിറ്റ്, സ്പോർട്ട്സ്, മാനേജ്മെൻറ്, അൺ-എയിഡഡ്, കമ്മ്യൂണിറ്റി) ഒന്നാം വർഷം സ്ഥിരപ്രവേശനം നേടിയ ശേഷം വിടുതൽ സർട്ടിഫിക്കറ്റ് (TC) രേഖാമൂലം ആവശ്യപ്പെടുന്ന വിദ്യാർത്ഥികൾക്ക് ആയത് കാലവിളംബം കൂടാതെ അഡ്മിൻ യൂസറിലെ **TC GENERATOR MODULE** എന്ന ലിങ്കിലൂടെ നൽകേണ്ടതാണ്.

ജോയിൻറ് ഡയറക്ടർ (അക്കാദമിക്)